भारतीय गैर न्यायिक

भारत

दस रुपये रु.10

TEN RUPEES Rs.10

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA 03AA 261346

# ശ്രീനാരായണ നാഷണൽ എഡ്യുക്കേഷൻ മിഷൻ

Reg.No.A.161/2003

കേന്ദ്ര ആഫീസ് : കൃഷ്ണലീല, പുതുപ്പള്ളി, കായംകുളം, ആലപ്പുഴ ജില്ല

## ഭരണഘടന

| | ഭേദഗതികൾ |
|---|---|
| 1) **പേര്**<br>ഈ സംഘടനയുടെ പേരു ശ്രീനാരായണ നാഷണൽ എഡ്യൂക്കേഷൻ മിഷൻ എന്നാകുന്നു.<br><br>2) **പ്രവർത്തന പരിതി.**<br>ശ്രീനാരായണ നാഷണൽ എഡ്യൂക്കേഷൻ മിഷൻെറ പ്രവർത്തനം ഇൻഡ്യയിൽ കേരള സംസ്ഥാനമാകെ കായംകുളം കേന്ദ്രമാക്കിയാണു.<br><br>3) **ആഫീസ്**<br>ഇൻഡ്യയിൽ കേരളസംസ്ഥാനത്ത് ആലപ്പുഴ ജില്ലയിൽ കായംകുളത്ത് എക്സിക്യൂട്ടീവ് കമ്മറ്റി നിശ്ചയിക്കുന്ന കെട്ടിടത്തിലായിരിക്കും. | |

20.3.06

THE REGISTRAR OF SOCIETIES * ALLEPPEY *

4) **ഉദ്ദേശങ്ങൾ**

ശ്രീനാരായണ ഗുരുവിൻെറ ദർശനങ്ങളെ അടിസ്ഥാനമാക്കി താഴെ പറയുന്ന വിഷയങ്ങളെക്കുറിച്ചുള്ള പഠന,ഗവേഷണ, പ്രചരണ പ്രവർത്തനങ്ങൾ നടത്തുകയാണു സംഘടനയുടെ ഉദ്ദേശങ്ങൾ.

a) ആദ്ധ്യാത്മികം
b) വിദ്യാഭ്യാസം
c) വ്യവസായം
d) സാമൂഹികം
e) സംസ്കാരികം
f) ആരോഗ്യം
g) കാർഷികം
h) ശാസ്ത്ര സാങ്കേതികം

5) a) ഭരണഘടന വിഭാവനം ചെയ്യുന്ന മതേതര സങ്കൽപ്പത്തെ പരിപോഷിപ്പിക്കുക

b) ശ്രീ നാരായണ ഗുരുവിൻെറ വിദ്യാഭ്യാസ ദർശനങ്ങളെ ഉൾക്കൊണ്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച് നടത്തുക. സാഹിത്യ പ്രസിദ്ധീകരണങ്ങൾ നടത്തുക. ശസ്ത്ര സാംങ്കേതിക കലാ-വിദ്യാഭ്യാസ മേഖലയെ പരിപോഷിപ്പിക്കാൻ ഉതകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചു നടത്തുക.

c) ശ്രീനാരയണ ഗുരുവിൻെറ ദർശനങ്ങളെ ഉൾക്കൊണ്ടുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് രാജ്യത്ത് നിലനിൽക്കുന്ന തൊഴിലില്ലായ്മക്ക് പരിഹാരം കാണുക.

d) സാമൂഹികമായും,സാമ്പത്തീകമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ സമഗ്രമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുക. അതോടൊപ്പം മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിവസ്തു ക്കളുടെ ഉപയോഗം സമൂഹത്തിൽ നിന്നും പൂർണമായുംനിർമാർജനം ചെയ്യുന്നതിനു വേണ്ടി പ്രവർത്തിക്കുക.

e) ഭാരതത്തിൻെറ അമൂല്യമായ സാംസ്ക്കാരിക പൈതൃകത്തെ പരിപോഷിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

f) ആധുനീക സംവിധാനങ്ങളോടുകൂടിയ ആതുരാലയങ്ങൾ,വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, വികലാംഗ പുനരധിവാസ

i. ഈ സൊസൈറ്റി രൂപീകരിച്ചിരിക്കുന്നത് ചാരിറ്റബിൾ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയാണു.

SEAL OF THE REGISTRAR OF SOCIETIES ALLEPPEY

കേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ചുനടത്തുക.

g) രാജ്യത്തിൻെറ കാർഷിക പുരോഗതിക്ക് വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തുക.

h) ശസ്ത്ര സാംങ്കേതിക വളർച്ചക്കുവേണ്ടിയും അവ കൂടുതൽ ജനോപകാരപ്രദമായി തീരുവാനുള്ള പ്രവർത്തനം നടത്തുക.

6) **അംഗത്വയോഗ്യത**

a) ശ്രീനാരായണ ഗുരുവിൻെറ ദർശനങ്ങളെ ഉൾക്കൊണ്ടു പ്രവർത്തിക്കുവാൻ താൽപര്യമുള്ള ഏതൊരാളിനും ഈ സംഘടനയിൽ അംഗമാകാവുന്നതാണു.

b) സംഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ ക്കനുസരിച്ച് പ്രവർത്തിക്കുവാൻ സന്നദ്ധരാ യിട്ടുള്ളവർക്കു മാത്രമേ സംഘടനയിൽ അംഗത്വം നൽകുവാൻ പാടുള്ളു.

7) **അംഗത്വം നൽകുന്നതിനുള്ള നടപടി**

അംഗമാകുന്നതിനുള്ള അപേക്ഷ സ്വീകരിച്ച് എക്സിക്യൂട്ടീവ് കമ്മറ്റി അപേക്ഷകനെ ക്കുറിച്ച് വിശദമായി പഠിച്ചതിനുശേഷം ചെയർമാൻ യോഗത്തിൽ വെച്ച് അംഗത്വം നൽകുന്നു.

8) 250/- രൂപയാണു ഈ സംഘടനയുടെ അംഗത്വഫീസ്.

9) **വാർഷിക പൊതുയോഗം.**

സംഘടന രജിസ്റ്റർ ആയി കിട്ടുന്ന മാസത്തിൽ വാർഷിക പൊതുയോഗം നടത്തിയിരിക്കണം. എല്ലാ സ്ഥിരാംഗങ്ങളും വാർഷിക പൊതുയോഗ പ്രതിനിധി കളായിരിക്കും. സംഘടനയുടെ വാർഷിക വരവ് ചിലവു കണക്കുകൾ പാസ്സാക്കു കയും പുതിയ പ്രവർത്തനപരിപാടി കൾക്ക് അന്തിമ അംഗീകാരം നൽകുകയും ചെയ്യുന്നത് വാർഷിക പൊതു യോഗമാണു. ഈ പൊതുയോഗത്തിൽ നിന്നുമാണു സംഘടനയുടെ ഒരോ വർഷത്തേയും ഭരണാധികാരികളായ ചെയർമാൻ, വൈസ്ചെയർമാൻ, സെക്രട്ടറി, ട്രഷറർ, 5 എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ എന്നിവരെ തിരഞ്ഞെടുക്കുന്നതും. പൊതുയോഗ ത്തിനു 15 ദിവസം മുൻപ് നോട്ടീസ് നടത്തിയിരി ക്കണം. ക്വോറം 2/3 അഥവാ 5 അംഗങ്ങൾ ഇതിൽ എതാണോ കുറവ് അതാണു മാനദണ്ഡം.

8) 50000/- രൂപയാണു ഈ സംഘടനയുടെ അംഗത്വഫീസ്.

DISTRICT REGISTRAR OF SOCIETIES * ALLEPPEY *

10.) **എക്സിക്യൂട്ടീവ് കമ്മറ്റി**

സംഘടനയുടെ നയരൂപീകരണ കർമ്മ സമതിയാണു എക്സിക്യൂട്ടീവ് കമ്മറ്റി. ചെയർമാൻ, വൈസ് ചെയർമാൻ,സെക്രട്ടറി, ഖജാൻജി, 5 തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധി കൾ ഇങ്ങനെ 9 പേരുള്ള സമതിയാണു. എക്സിക്യൂട്ടീവ് കമ്മറ്റി. കാലാവധി ഒരു വർഷവും, കോറം 2/3 മാണു. മാസത്തിൽ ഒരു തവണയെങ്കിലും കൂടിയിരിക്കണം. മൂന്നു യോഗത്തിൽ മതിയായ കാരണം കൂടാതെ പങ്കെടുത്തില്ലായെങ്കിൽ പ്രസ്തുത സ്ഥാനം അംഗത്തിനു നഷ്ടപ്പെടും. തത്സ്ഥാനത്തേക്ക് പുതിയ അംഗത്തെ തന്നാണ്ട് വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുന്ന ഒരു പ്രതിനിധിയെ ചെയർമാനു നോമിനേറ്റു ചെയ്യാവുന്നതാണു.

10(a) സൊസൈറ്റിയുടെ സ്ഥാവര ജംഗമ സ്വത്തുക്കൾ ക്രയവിക്രയം ചെയ്യുന്നതിനും അങ്ങനെ വരുന്ന തുക തൻവർഷത്തെ സൊസൈറ്റിയുടെ പ്രവർത്തനത്തിനു ഉപയോ ഗിക്കുന്നതിനും, ജീവനക്കാരെ നിയമിക്കുന്നതിനും, അവർക്കെതിരെ ആവശ്യമെങ്കിൽ അച്ചടക്ക നടപടികൾ എടുക്കുന്നതിനും, അവരെ സർവീസിൽ നിന്നും നീക്കം ചെയ്യുന്ന തിനും, അർഹിക്കുന്ന വിദ്യാർഥികൾക്ക് വിദ്യാഭ്യാസ വായ്പകളും, സ്കോളർഷിപ്പുകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു എക്സിക്യൂട്ടീവ് കമ്മറ്റിക്ക് അധികാരമുണ്ടായിരിക്കും.

b) സൊസൈറ്റിയുടെ അഭ്യുദയാകാംഷികളിൽ നിന്നും, സാമ്പത്തീക സ്ഥാപനങ്ങളിൽ നിന്നും വായ്പകളും, സഹായങ്ങളും സ്വീകരിക്കുന്നതിനു അധികാരമുണ്ടായിരിക്കും.

c) സൊസൈറ്റി വക സ്ഥാവരജംഗമ സ്വത്തുക്കൾ വിൽക്കുന്നതിനോ, ബാങ്കുകളിൽ നിന്നോ മറ്റ് സാമ്പത്തീക സ്ഥാപന ങ്ങളിൽ നിന്നോ, സൊസൈറ്റി വക സ്ഥാവരജംഗമ സ്വത്തുക്കൾ പണയപ്പെടുത്തിയോ, ഒറ്റികൊടുത്തോ, കൈമാറ്റം ചെയ്തോ വായ്പകൾ എടുക്കു ന്നതിനും, അതിനാവശ്യമായ രേഖകൾ ഒപ്പിട്ടു കൊടു ക്കുന്നതിനും ചെയർമാനേയും ട്രഷററേയുംഎക്സിക്യൂട്ടീവ് കമ്മറ്റിക്ക് ചുമതലപ്പെടുത്താവുന്നതാണു.

11. **ചെയർമാൻ**

a) ഈ സംഘടനയുടെ തലവൻ ചെയർമാനായിരിക്കും. ചെയർമാനുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടത് എല്ലാ അംഗങ്ങളുടേയും ബാദ്ധ്യതയാണു. സംഘടനയ്ക്കു നേതൃത്തവും ഉപദേശവും നൽകേണ്ടത് ചെയർമാനാണു.

b) യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുക, യോഗ നടപടികൾൻറ് അന്തിമരൂപവും അംഗീകാരവും നൽകുക, യോഗം നിയന്ത്രിക്കുക തുടങ്ങിയവ ചെയർമാൻെറ ചുമതലകളാണു.

c) യോഗത്തിൽ തുല്യ അഭിപ്രായം ഉണ്ടായാലോ അല്ലാതെയോ ഉള്ള അടിയന്തിര ഘട്ടങ്ങളുണ്ടാ യാൽ ചെയർമാൻ നിർണ്ണായവകാശഅധികാര മുപയോഗിച്ച് ഒരു തീരുമാനമെടുത്ത് നടപ്പാ ക്കാവുന്നതാണു.

d) എക്സിക്യൂട്ടീവ് കമ്മറ്റി ഭൂരിപക്ഷ നിർദ്ദേശപ്രകാരം അംഗത്വം നൽകുന്നതും ചെയർമാനാണു.

e) സംഘടനക്കുവേണ്ടി പ്രതിനിധീകരിക്കുന്നതും ഔദ്യോഗിക രേഖകളിൽ ഒപ്പു വെയ്ക്കുന്നതും ചെയർമാനാണു.

f) ചെയർമാൻ സന്ദർഭാനുസരണം അഥവാ അടിയന്തിരഘട്ടങ്ങളിൽ കൈക്കൊള്ളുന്ന ഏതൊരു നടപടിയും തീരുമാനവും എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തിനു വിധേയമാണു.

g) എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനമനുസരിച്ച് ജീവനക്കാരെ നിയമിക്കുന്നതുംശമ്പളം കൊടുക്കുന്നതും ആവശ്യമെങ്കിൽ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതും ചെയർമാനാണു. എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തോടെ സൊസൈറ്റിയുടെ വളർച്ചയ്ക്ക് ആവശ്യമായ പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കേണ്ടതും ചെയർമാനാണു.

h) സെക്രട്ടറി ജനറൽ ബോഡിയോ, എക്സിക്യൂട്ടീവ് കമ്മറ്റിയോ വിളിച്ചുകൂട്ടുന്നില്ലായെങ്കിൽ അങ്ങനെയുള്ള യോഗങ്ങൾ ചെയർമാൻ വിളിച്ചു കൂട്ടേണ്ടതാണു.

i) സൊസൈറ്റിയുടെ ആസ്ഥികൾ എല്ലാം ചെയർമാൻെറ പേരിൽ വാങ്ങേണ്ടതാണു.

j) സൊസൈറ്റിയുടെ ബാങ്ക് അക്കൗണ്ടുകൾ ചെയർമാൻേറയും ട്രഷററുടേയും പേരിൽ കൂട്ടായി തുടങ്ങേണ്ടതും. അപ്രകാരമുള്ള അക്കണ്ടുകൾ അവർ കൂട്ടായി ഓപ്പറേറ്റ് ചെയ്യേണ്ടതുമാണു.

REGISTRAR OF SOCIETIES ... ALLEPPEY

| | |
|---|---|
| **12 വൈസ് ചെയർമാൻ**<br>ചെയർമാൻെറ അഭാവത്തിൽ ചെയർമാനിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ എറ്റെടുത്ത് നടത്തുകയും. എക്സിക്യൂട്ടീവ് കമ്മറ്റി നിശ്ചയിച്ച് നൽകുന്ന ഇതര ദൗത്യങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുക.<br><br>**13) സെക്രട്ടറി.**<br>a) എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനപ്രകാരം പ്രവർത്തിക്കേണ്ടതാണു. സാധാരണ എഴുത്തുകുത്തുകളും ദൈനംദിന കാര്യ ങ്ങളും നടത്തുന്നതിനും, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളെ കൃത്യമായി വിവരങ്ങൾ അറിയിക്കുന്നതിനുള്ള ചുമതല സെക്രട്ടറി ക്കാണു.<br>b) പൊതുയോഗത്തിൻെറയും എക്സിക്യൂട്ടീവ് കമ്മറ്റിയുടെയും, ചെയർമാൻ അടിയന്തിര ഘട്ടങ്ങളിൽ എടുക്കുന്ന തീരുമാനങ്ങളും (11(f) പ്രകാരം നടപ്പിൽ വരുത്തുക.<br>c) യോഗത്തിലെ ഹാജർ, നടപടിക്രമങ്ങൾ, മിനിട്ടുകൾ, രസീതുകൾ, വൗച്ചറുകൾ, കണക്കുബുക്കുകൾ തുടങ്ങിയ എല്ലാ റിക്കാഡുകളും എഴുതി സൂക്ഷിക്കുക.<br>d) സംഘടനയുടെ എല്ലാവിധ റിക്കാഡുകളും സെക്രട്ടറി എക്സിക്യൂട്ടീവ് കമ്മറ്റി അംഗീ കരിക്കുന്ന സ്ഥലത്തോ അഥവാ ആഫീ സിലോ സൂക്ഷിച്ചിരിക്കണം.<br>e) വരവ്ചിലവ് കണക്കുകളും മറ്റും കൃത്യമായി അതാതുമാസത്തെ എക്സിക്യൂട്ടീവ് യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുക.<br>f) വരവ് ചിലവ് കണക്കുകൾ കൃത്യമായും ക്രമമായും എഴുതി സൂക്ഷിക്കുക.<br>g) വാർഷിക റിപ്പോർട്ടും കണക്കും വാർഷിക പൊതുയോഗത്തിൽ അവതരിപ്പിക്കുക.<br>h) ചെയർമാൻെറ നിർദ്ദേശപ്രകാരം യോഗങ്ങൾ വിളിച്ചുകൂട്ടുക.<br>i) സംഘടനയുടെ എല്ലാ രംഗങ്ങളിലുമുള്ള പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുക.<br>j) സംഘടനയുടെ നന്മക്കുതകുന്ന എല്ലാ കാര്യങ്ങളും ചെയ്യുക | |
| k) ദൈനംദിന പ്രവർത്തനങ്ങൾക്ക് 500/- രൂപ വരെ കൈവശം വെച്ചുകൊണ്ടിരിക്കാം. | k) ദൈനംദിന പ്രവർത്തനങ്ങൾക്ക് 10000/- രൂപ വരെ കൈവശം വെച്ചുകൊണ്ടിരിക്കാം. |

THE REGISTRAR OF SOCIETIES ALLEPPEY

| | |
|---|---|
| **14. ഖജാൻജി**<br>എക്സിക്യൂട്ടീവ് കമ്മറ്റി നിശ്ചയിക്കുന്നതിൻെറ അടിസ്ഥാനത്തിൽ മറ്റ് ഔദ്യോഗിക ഭാരവാഹികളുമായി ചേർന്ന് സംഘടനയുടെ ബാങ്ക് അകൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യുക. എക്സിക്യൂട്ടീവ് ചുമതലപ്പെടുത്തുന്ന മറ്റ് ജോലികൾ ചെയ്യുക. | |
| **15. പലവക**<br>നിയമാവലിയിൽ നിർദ്ദേശിക്കപ്പെടുകയോ സൂചിപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത വിഷയങ്ങളിന്മേൽ എക്സിക്യൂട്ടീവ് കമ്മറ്റി 2/3 ഭൂരിപക്ഷപ്രകാരം നടപ്പാക്കാം. | |
| **16. ഭരണഘടനാ ഭേദഗതി**<br>1955 ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 22-ാം വകുപ്പനുസരിച്ചായിരിക്കും. | |
| **17. ആഡിറ്റിംഗ്**<br>ഓരോ വാർഷികപൊതുയോഗത്തിൽ നിന്നും അതാതുവർഷത്തെ ആഡിറ്റിംഗിനുവേണ്ടി 02 അംഗങ്ങളെ തിരഞ്ഞെടുക്കേണ്ടതാണു. | |
| **18. ഫണ്ട്**<br>സംഘടനയുടെ പേരിലുള്ള പണം ചെയർമാൻെറയും സെക്രട്ടറിയുടേയും സംയുക്ത അക്കൗണ്ടുകളിൽ എക്സിക്യൂട്ടീവ് കമ്മറ്റി നിശ്ചയിക്കുന്ന ബാങ്കിൽ നിക്ഷേപിക്കേണ്ടതാണു. | **18. ഫണ്ട്**<br>സംഘടനയുടെ പേരിലുള്ള പണം ചെയർമാൻെറയും ട്രഷററുടേയും സംയുക്ത അക്കൗണ്ടുകളിൽ എക്സിക്യൂട്ടീവ് കമ്മറ്റി നിശ്ചയിക്കുന്ന ബാങ്കിൽ നിക്ഷേപിക്കേണ്ടതാണു. |
| **19. ധനാഗമന മാർഗ്ഗം**<br>a) അംഗത്വഫീസ്<br>b) പൊതുസംഭാവന<br>c) സർക്കാരിൽ നിന്നോ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് വിദ്യാഭ്യാസ ഏജൻസികളിൽ നിന്നോ ഉള്ള ഗ്രാൻറുകൾ.<br>d) നിക്ഷേപത്തിൽ നിന്നുള്ള പലിശ | 19 (e) ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ, വ്യക്തികൾ, മറ്റു ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വായ്പ്പകൾ. |
| **20. ധനവിനിയോഗം**<br>ഭരണഘടനപ്രകാരമുള്ള പ്രഖ്യാപിതലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനും എക്സിക്യൂട്ടീവ് കമ്മറ്റി തീരുമാനപ്രകാരമുള്ള ആവശ്യങ്ങൾക്കും. | |

SEAL OF THE REGISTRAR OF SOCIETIES ALLEPPEY

**21 അംഗത്വം നഷ്ടപ്പെടുക**

a) അംഗത്വയോഗ്യതയിലുള്ള ലംഘനം

b) സംഘടനയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്കും മറ്റ് ഉന്നത തത്പര്യങ്ങൾക്കും വിരുദ്ധമായി പ്രചരണവും പ്രവർത്തനവും.

**22. അംഗത്വം നഷ്ടപ്പെടൽ നടപടിക്രമം.**

സെക്രട്ടറിയും തിരഞ്ഞെടുത്ത 2 എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്നതാണു സംഘടനയുടെ അച്ചടക്ക സമിതി. അംഗത്വം നഷ്ടപ്പെടുന്നത് സംബന്ധിച്ച പ്രശ്നത്തിൽ തീരുമാനമെടുക്കുന്നത് ഈ സമതിയാണു.അംഗത്വം നൽകുന്നത് ചെയർമാൻ ആയതു കൊണ്ടു അച്ചടക്കസമതിയുടെ തീരുമാനത്തിന്മേൽ ചെയർമാൻ ഒപ്പുവെച്ചിരിക്കണം.

**23. അപ്പീൽ**

അച്ചടക്ക നടപടിപ്രകാരം അംഗത്വം നഷ്ടപ്പെടുന്ന അംഗത്തിനു എക്സിക്യൂട്ടീവ് മുമ്പാകെ അപ്പീൽ നൽകാവുന്നതാണു. എക്സിക്യൂട്ടീവ് ആയതിന്മേൽ ചർച്ച നടത്തി 2/3 ഭൂരിപക്ഷപ്രകാരം അന്തിമ തീരുമാനം കൽപ്പിക്കാവുന്നതാണു.

**24. രാജി**

ഏതൊരംഗവും രാജി സമർപ്പിക്കേണ്ടത് എക്സിക്യൂട്ടീവിനുവേണ്ടി ചെയർമാൻ മുമ്പാകെയാണു. എന്നാൽ ചെയർമാൻ, വൈസ്ചെയർമാൻ മുമ്പാകെയും രാജി സമർപ്പിക്കണം. രാജിക്കത്ത് ലഭിച്ചാൽ ഒരു മാസത്തിനകം എക്സിക്യൂട്ടീവ് വിളിച്ചുകൂട്ടി ചർച്ച ചെയ്ത് അന്തിമ തീരുമാനം ഭൂരിപക്ഷ പ്രകാരം കൈക്കൊള്ളേ ണ്ടതാണു.

**25. അവിശ്വാസപ്രമേയം**

സംഘടനയുടെ എക്സിക്യൂട്ടീവിനോടോ അഥവാ ഏതെങ്കിലും മറ്റ് ഭാരവാഹിയോടോ അവിശ്വാസം അംഗങ്ങൾക്കിടയിൽ ഉണ്ടായാൽ 1/3 സ്ഥിരാംഗങ്ങളുടെ പേരെഴുതി ഒപ്പ് വെച്ച് അവിശ്വാസപ്രമേയം എഴുതി തയ്യാറാക്കി എക്സിക്യൂട്ടീവിനു സമർപ്പിച്ചാൽ അവിശ്വാസം കൈപ്പറ്റിയ തീയതി മുതൽ രണ്ടുമാസത്തിനകം വിശേഷാൽ പൊതുയോഗം വിളിച്ചുകൂട്ടി നടപടി സ്വീകരിക്കേണ്ടതാണു.

| | |
|---|---|
| 26. റിക്കാഡുകൾ<br><br>1) സ്ഥിരാംഗ രജിസ്റ്റർ<br>2) ഹാജർബുക്ക്<br>3) മിനിറ്റ് ബുക്ക്<br>4) രസീത് , വൗച്ചറുകൾ<br>5) വരവ് ചിലവ് കണക്കുപുസ്തകം<br>6) നിയമാവലി | |
| 27. സംഘടനയുടെ സ്ഥാവരജംഗമസ്വത്തുക്കളിന്മേൽ അംഗങ്ങൾക്ക് യാതൊരുവിധ സ്വകാര്യ അവകാശവും ഉണ്ടായിരിക്കുന്നതല്ല. | |
| 28. സംഘടനയുടെ പ്രവർത്തനം അവസാനിക്കുകയോ , അസ്ഥമിക്കുകയോ ചെയ്താൽ സംഘടനയുടെ എല്ലാ ആസ്തി ബാദ്ധ്യതകളും തത്തുല്യ പ്രസ്ഥാനങ്ങളി ലയിപ്പിക്കാവുന്നതാണ്. അല്ലാത്തപക്ഷം കേരള സംസ്ഥാന ഗവൺ - മെന്റിൽ ലയിപ്പിക്കാവുന്നതാണ്. | 28. സംഘടനയുടെ പ്രവർത്തനം അവസാനിക്കുകയോ ,അസ്ഥമിക്കുകയോ ചെയ്താൽ സംഘടനയുടെ സ്ഥാവരജംഗമ സ്വത്തുക്കൾ വായ്പ നൽകിയ സ്ഥാപനങ്ങളുടേയും മറ്റും ബാദ്ധ്യതകൾ പൂർണ്ണമായി തീർതത്തിനുശേഷം ബാക്കിയുള്ളവ തത്തുല്ല്യ പ്രസ്ഥാനങ്ങളിൽ ലയിപ്പിക്കാവുന്നതാണ്. അല്ലാത്തപക്ഷം സംസ്ഥാനഗവൺമെന്റിൽ ലയിപ്പിക്കാവുന്നതാണ്. |

ശ്രീ നാരായണ നാഷണൽ എഡ്യൂക്കേഷന്റെ ഭരണഘടനയിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് 19. 03.2005 -ൽ കൂടിയ ശ്രീ നാരായണ നാഷണൽ എഡ്യൂക്കേഷൻ മിഷന്റെ വിശേഷാൽ പൊതുയോഗ താരുമാനം മേൽ നടപടിക്കായി സമർപ്പിച്ചുകൊള്ളുന്നു.

അഡ്വ. കെ. ഗോപിനാഥൻ ( ചെയർമാൻ ) ( ഒപ്പ്)
അഡ്വ. വി.ജെ. രാമചന്ദ്രൻ ( സെക്രട്ടറി) ( ഒപ്പ്) (ശരിപകർപ്പ്)
ആർ .സുശീലൻ ( എക്സി. കമ്മറ്റി അംഗം) ( ഒപ്പ്)

[illegible]

4/3/06

SEAL OF THE REGISTRAR OF SOCIETIES ALLEPPEY

REGISTRAR OF SOCIETIES
ALAPPUZHA.